# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 816 | 05.02.2020 -ൽ മറുപടിയ്ക്ക്

## ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്:** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന 24.01.2017 ലെ മീറ്റിംഗിലെ 5-ാം നമ്പർ തീരുമാനപ്രകാരം ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ പുതുവൈപ്പ് വില്ലേജിൽ ഭൂമി ഉള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ;<br><br>ബി) പ്രസ്തുത ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; | എ) & ബി) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തുന്ന വിഷയത്തിൽ എറണാകുളം ജില്ലാകളക്ടർ 26/06/2019 ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കൊച്ചി താലൂക്ക് പുതുവൈപ്പ് വില്ലേജിൽ സർവ്വേ നം. 300/1 ൽ 50 സെന്റ് വസ്തുവും സർവ്വേ 335/4 ൽ 10.50 ആർ ഭൂമിയും ഉള്ളതായി കൊച്ചി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു.<br>മേൽപ്പറഞ്ഞവയിൽ റീസർവ്വേ 335/4 ൽ പ്പെട്ട 10.50 ആർ പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ചതിനെതിരെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപ്പീൽ നടപടി നിലവിലുള്ളതാണെന്നും ഭൂമി കൈമാറുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി അർത്ഥന സമർപ്പിക്കേണ്ടതും അപ്പീൽ തീരുമാനം ആകുന്ന മുറയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.K2 27511/17 നം. സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണെന്നും എറണാകുളം ജില്ലാകളക്ടർ, പിന്നോക്ക വികസന വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. |
| സി) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സാംസ്കാരിക വകുപ്പിന് കീഴിലാണോ, പിന്നോക്ക വിഭാഗ വികസന വകുപ്പിലാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) എറണാകുളത്ത് ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സ്ഥാപിക്കുന്ന പദ്ധതി ആംഗ്ലോ ഇന്ത്യൻ സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പിന്നാക്ക വിഭാഗവികസന വകുപ്പതന്നെ കൈകാര്യം ചെയ്യുന്നതാണ് കൂടുതൽ ഉചിതവും അനുയോജ്യവുമെന്നതിനാൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പിന്നോക്ക വിഭാഗ വികസന വകുപ്പിനു കീഴിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**